(സി) 41,94,750 രൂപയുടെ ക്ലെയിമാണ് ഇൻഫാം സമർപ്പിച്ചിട്ടുള്ളത്. ക്ലെയിമുകളുടെ പരിശോധന പൂർത്തിയായതിനുശേഷമേ അനുവദനീയമായ തുക എത്രയാണെന്നു കണക്കാക്കാനാവുകയുള്ളൂ. ഇതിനകം കയറ്റുമതി സബ്സിഡി ഇനത്തിൽ ഇൻഫാമിന് 6,88,957.50 രൂപ നൽകിയിട്ടുണ്ട്.

(ഡി) ഇൻഫാം സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ രേഖകൾ പ്രകാരം ഫീൽഡുതലത്തിൽ പരിശോധിച്ച് അനുവദനീയമായ തുക നിർണ്ണയിക്കുന്നതിനുള്ള താമസംമൂലമാണ് ക്ലെയിം പൂർണ്ണമായും സെറ്റിൽ ചെയ്യാൻ കഴിയാത്തത്.

(ഇ) ഉണ്ട്.

(എഫ്) കാലതാമസം ഒഴിവാക്കാനായി ക്ലെയിമുകൾ പരിശോധിക്കുന്നതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകളിൽ അയവു വരുത്തിക്കൊണ്ടു കൃഷി വകുപ്പു ഡയറക്ടറുടെ കീഴിലുള്ള ഒരു പരിശോധനാ സംഘത്തെക്കൊണ്ട് ക്ലെയിമുകൾ സംബന്ധിച്ച രേഖകൾ പത്തു ശതമാനത്തോളം (at random) പരിശോധിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് അനുവദനീയമായ തുക അടിയന്തിരമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പരിശോധനാ സംഘം രേഖകൾ പരിശോധിച്ചുവരികയാണ്.

കൃഷിവകുപ്പിന്റെ ഭൂമി പാട്ടത്തിന് നൽകുന്ന നടപടി

85 [1093] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ പാട്ടത്തിനു നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയെന്നും എത്ര വിസ്തീർണ്ണമെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തു പുതിയ കൃഷിരീതി നടപ്പിലാക്കുന്നതിനായി സ്വകാര്യ ഏജൻസികളുമായോ വിദേശ ഏജൻസികളുമായോ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരുമായിട്ടാണ് എന്നും ഏതൊക്കെ കൃഷിക്കാണെന്നും വെളിപ്പെടുത്തുമോ;

(സി) കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ഡി) വിദേശ ഏജൻസികളുമായോ സ്വകാര്യ ഏജൻസികളുമായോ കൃഷി സംബന്ധമായ കരാറിൽ ഏർപ്പെടുവാനോ അവർക്ക് ഭൂമി പാട്ടത്തിന് നൽകുന്നതിനോ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഒരു ഭൂമിയിലും പാട്ടക്കൃഷി നടത്താൻ അനുമതി നൽകിയിട്ടില്ല.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1092-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) പാട്ടക്കൃഷി അനുവദനീയമല്ല. ഇപ്പോൾ കേന്ദ്ര സർക്കാർ പരിഗണിച്ചു വരുന്ന കരാർ കൃഷി സമ്പ്രദായം കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഏതു വിധത്തിലാണ് നടപ്പാക്കേണ്ടതെന്നും നിയമമാക്കേണ്ടതെന്നും പരിശോധിച്ചുവരികയാണ്.

കൃഷിവകുപ്പിലെ പരിശോധന സംബന്ധിച്ച ശുപാർശകൾ

86 [1094] ശ്രീ. സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം കൃഷിവകുപ്പിലെ ഓഫീസുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഓഫീസുകൾ എന്ന് വിശദീകരിക്കുമോ;

(സി) ഈ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി;

(ഡി) എന്ത് തുകയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഇ) ഇത് സംബന്ധിച്ച് പരിശോധനാ വിഭാഗത്തിന്റെ ശുപാർശകൾ എന്തെല്ലാം ആയിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിവിധ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഓഫീസുകളുടെ വിശദ വിവരം ശേഖരിച്ചുവരുന്നു.

(സി) ദൈനംദിന ഓഫീസ് നടപടികളിലെ പോരായ്മ, സാമ്പത്തിക ക്രമക്കേടുകൾ, അനധികൃത ഹാജരില്ലായ്മ, പദ്ധതി നടത്തിപ്പിലെ പോരായ്മ എന്നീ ക്രമക്കേടുകൾ പരിശോധനയിൽ കണ്ടെത്തി.

(ഡി) 25-3-2002-ൽ കൃഷിവകുപ്പ് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടതുപ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിൻപ്രകാരം 61.65 കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്. മറ്റ് പരിശോധനകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർക്കാർ പണം ദുരുപയോഗം ചെയ്തവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും തുക തിരിച്ചു പിടിക്കുവാനും പരിശോധനാ വിഭാഗം ശുപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly